ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ. 16203/ എ.ആർ.12(1)/13/ ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പു മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല.

മുന്നോക്കസമുദായ കോർപ്പറേഷൻ

24 (24) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1956-ലെ കമ്പനി നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് കേരള സംസ്ഥാന മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ 8-11-2012 മുതൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

(ബി) കേരള സംസ്ഥാനത്തിലെ സംവരണ ആനുകൂല്യം ലഭിക്കാത്ത ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകുന്ന സഹായങ്ങൾ നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും, വിവിധ മത്സര പരീക്ഷാപരിശീലന സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്കായി തൊഴിൽ നൈപുണ്യ വികസന പദ്ധതിയും, സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/കൂട്ടുത്തരവാദിത്വസംഘങ്ങൾ എന്നിവയ്ക്ക് പലിശ സഹായ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുന്നോക്ക സമുദായങ്ങളുടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടും വിദ്യാഭ്യാസ നിലവാരം, ജീവിത നിലവാരം എന്നിവ ഉയർത്തുന്നതിനുമായാണ് കോർപ്പറേഷൻ രൂപീകൃതമായത്. പ്രസ്തുത ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ, ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, ടെക്നിക്കൽ കോഴ്സുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുക, മികവ് പുലർത്തുന്നവർക്കും അർഹതപ്പെട്ട വിദ്യാർത്ഥികൾക്കും, സ്കോളർഷിപ്പുകൾ നൽകുക, ആവശ്യമെങ്കിൽ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സഹായിക്കുകയും മുതൽ മുടക്കുകയും ചെയ്യുക, ആരോഗ്യ ജീവിത സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഥലവും കെട്ടിടങ്ങളും വാങ്ങുകയോ ഈ ജനവിഭാഗങ്ങളുടെ താമസസ്ഥലവും അനുബന്ധ സാഹചര്യങ്ങളും നിർമ്മിക്കാനോ റിപ്പയർ ചെയ്യാനോ സഹായം നൽകുക, സ്വന്തമായി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പ്രാഥമിക ദ്വിതീയ മേഖലകളിൽ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുക എന്നീ ഉദ്ദേശങ്ങളാണ് കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

പേഴ്സണൽ സ്റ്റാഫ്

25 (25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഗവൺമെന്റ് ചീഫ് വിപ്പിനുമായി ആകെയുള്ള പേഴ്സണൽ സ്റ്റാഫ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും തസ്തിക സഹിതമുള്ള വിശദാംശങ്ങൾ വെവ്വേറെ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly